**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3831** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ഏതെല്ലാം ജില്ലകളിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്; | (എ) | സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിലും ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ 2000-2001 കാലഘട്ടം മുതൽ പ്രവർത്തനം ആരംഭിച്ചിരുന്നു. നിലവിൽ പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം , കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. |
| (ബി) | നിലവിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, കെ.എസ്.ഇ.ബി. തുടങ്ങിയ വകുപ്പുകളുടെ നികുതി, ഫീസ് എന്നിവ സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൗരൻമാർക്ക് നികുതി, ഫീസ് എന്നിവ ഒടുക്കുന്നതിനുള്ള സംവിധാനം ഫ്രണ്ട് ഓഫീസുകൾ, കൂടാതെ KSMART , ILGMS എന്നീ പോർട്ടലുകൾ വഴിയും ഏർപ്പെടുത്തിയിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രസ്തുത സേവനം ഫ്രണ്ട്സ് ജനസേവ കേന്ദ്രങ്ങൾ മുഖാന്തരം നൽകുന്നത് നിർത്തലാക്കിയിരിക്കുകയാണ്.<br><br>കെ.എസ്. ഇ.ബി. ഇലക്ട്രിസിറ്റി അനുബന്ധ യൂട്ടിലിറ്റി ബില്ലുകൾക്കായി പ്രത്യേക വെബ് സൈറ്റുകൾ പ്രാബല്യത്തിൽ വരുത്തിയതിനാൽ ഫ്രണ്ട്സ് ജനസേവ കേന്ദ്രങ്ങൾ മുഖാന്തരം പ്രസ്തുത സേവനം നൽകുന്നത് നിർത്തലാക്കിയിരിക്കുകയാണ്. |
| (സി) | ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വിവിധ വകുപ്പുകൾ സേവനങ്ങൾ ഓൺലൈനായി നൽകിത്തുടങ്ങിയതും പൗരൻമാർ സ്വന്തം നിലയ്ക്ക് ടി ഓൺലൈൻ സേവനങ്ങൾ പ്രയോജനപ്പെടുത്തിത്തുടങ്ങിയതും കൂടാതെ അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം പ്രവർത്തനമാരംഭിച്ചതും മൂലം സ്വാഭാവികമായും കഴിഞ്ഞ പത്ത് വർഷമായി ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങളിലെ ഇടപാടുകളുടെ എണ്ണം കുറഞ്ഞു വന്നിരുന്നു. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ടി ഇടപാടുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത സാഹചര്യത്തിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ കൂടുതൽ ജനകീയമാക്കുന്ന കാര്യം ഇപ്പോൾ പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ